ശ്രീ. പി. നാണു: ആ റോഡ് ഏതു പ്രദേശത്തുകൂടെയാണ് പോകുന്നതെന്നു് പറയാൻ കഴിയുമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: കൊച്ചിയും എറണാകുളവും കൊല്ലവുമായി ബന്ധിക്കത്തക്കവണ്ണം ആയിരിക്കും അവ പോകുന്നതു്.

എക്സൈസ് ഡിപ്പാർട്ട്മെൻറ്

*നവ. (വ) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ഡിപ്പാർട്ട്മെണ്ടുമായി ഇടപെടുന്ന കൺട്രാക്ടർമാരോടു് അവരുടെ അവകാശങ്ങളും മുതലുകളും രേഖപ്പെടുത്തി ഉടമ്പടി വാങ്ങാറുണ്ടോ;

(ബി) കൺട്രാക്ടർ കരാർ ലംഘിക്കുമ്പോൾ ഉടമ്പടിവ്യവസ്ഥയനുസരിച്ചു് നടപടി നടത്തി തുക വസൂൽചെയ്യുന്ന പതിവുണ്ടോ;

(സി) പുകയിലവില്പന അവകാശം ലേലത്തിൽ പിടിച്ച കൺട്രാക്ടർമാരെക്കൊണ്ടു് ഉടമ്പടി എഴുതി വയ്പിച്ചിട്ടുണ്ടോ;

(ഡി) ഈ കൺട്രാക്ടർമാരിൽനിന്നും ഗവൺമെണ്ടിനു കുടിശ്ശികയിനത്തിൽ ഈടാക്കേണ്ടിയിരിക്കുന്ന തുക എന്താണു്?

എക്സൈസും വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉണ്ടു്

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

(ഡി) ഫ, ം ർ, ുന്ന ുക തുപ.

ശ്രീ. പി. നാണു: പുകയില ലേലം പിടിച്ചവരിൽനിന്നും ഉടമ്പടി എഴുതിവയ്പിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു എന്നാണെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: അവരെക്കൊണ്ടു് ഉടമ്പടി എഴുതിവയ്പിച്ചിട്ടില്ലായെന്നാണു് ഞാൻ അറിയുന്നതു്. അതു ശരിയാണെന്നു ഞാൻ വിശ്വസിക്കട്ടെയോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു അടിസ്ഥാനരഹിതമായ ഒരു വിശ്വാസമാണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ലൈസൻസിനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലും കൊച്ചിയിലും വല്ല വ്യത്യാസവും ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: യാതൊരു വ്യത്യാസവും ഇല്ല.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: കൊച്ചിയിലെ പുകയില കച്ചവടക്കാർ അവരുടെ ലൈസൻസു നമ്പരുകളും മറ്റും കാണിച്ചു് കടയുടെ മുൻവശത്തു് ഒരു ബോർഡ് തൂക്കി ഇട്ടിട്ടുണ്ടു്. എന്നാൽ തിരുവിതാംകൂറിൽ അതു കാണുന്നില്ല. അതിന്റെ കാരണം എന്താണെന്നു് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

എക്സൈസ് ഡിപ്പാർട്ട്മെണ്ടു്

*നട. (ട) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ചുമക്കുകൂലി നിർത്തിയതോടുകൂടി എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly